# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3685. 25.06.2013 ൽ മറുപടിയ്ക്ക്.

**മോട്ടോർ വാഹനങ്ങളിൽ എയർഹോൺ ഉപയോഗം**

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) വാഹനങ്ങളിൽ ഹോണുകൾ ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | 1989ലെ കേന്ദ്ര മോട്ടോർ വാഹനചട്ടങ്ങളിലെ ചട്ടം 119(1) പ്രകാരം ഓരോ മോട്ടോർ വാഹനത്തിലും എ.ഐ.എസ്. – 014 നിലവാരത്തിലുള്ള ഇലക്ട്രിക് ഹോൺ അല്ലെങ്കിൽ തത്തുല്യമായ മറ്റ് ഉപകരണങ്ങൾ ഘടിപ്പിച്ചിരിക്കണം. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 119(2) പ്രകാരം മോട്ടോർ വാഹനങ്ങളിലൊന്നും തന്നെ വിവിധ തരത്തിലുള്ള ശബ്ദങ്ങൾ പുറപ്പെടുവിക്കുന്ന മൾട്ടിടോൺഡ് ഹോണുകളോ, രൂക്ഷമായതോ, ഉച്ചത്തിലുള്ളതോ ഭയപ്പെടുത്തുന്ന രീതിയിലുള്ളതോ ആയ ശബ്ദം പുറപ്പെടുവിക്കുന്ന ഉപകരണങ്ങളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല. |
| (ബി) മോട്ടോർ വാഹനങ്ങളിൽ എയർ ഹോൺ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) ഇവ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ; | (സി) | വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്തും, ചെക്കിംഗ് സമയത്തും, വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കുന്ന സമയത്തും എയർ ഹോൺ ഘടിപ്പിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഇത് കൂടാതെ വാഹന പരിശോധനാ സമയത്ത് നിയമവിധേയമല്ലാത്ത ഹോണുകൾ ഘടിപ്പിച്ചിരിക്കുന്നത് കണ്ടാൽ നിയമപരമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) എയർ ഹോൺ ഉപയോഗിച്ചതിന് കഴിഞ്ഞവർഷം എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (ഡി) | 3214 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.